# നാനാർത്ഥങ്ങൾ

അനന്തമായ ആകാശത്തുകൂടി അവൻ അപ്പൂപ്പൻ താടിയെപ്പോലെ പറന്ന് നടക്കുകയായിരുന്നു.

കോടാനുകോടി നക്ഷത്രങ്ങൾ, അവകളെയൊക്കെ ചുറ്റി കറങ്ങിക്കൊണ്ടിരിക്കുന്ന ഗ്രഹങ്ങൾ, ഉൽക്കകൾ, പൊടിപടലങ്ങൾ, വ്യത്യസ്ഥ വർണ്ണങ്ങൾ....

ഒരു ഗ്രഹത്തിൽ അവൻ, അവനെ തന്നെ കണ്ട് പുളകം കൊണ്ടു.  കേരള പ്രവിശ്യയിലെ മങ്കാവുടി പട്ടണത്തിലെ ശ്രീപുരം ദേശത്തെ പുത്തൻപുരക്കൽ ബാലകൃഷ്ണൻ ശരത് എന്ന പി ബി ശരത്, ഒരു മാവിൻ ചുവട്ടിലെ സിമന്റ് തറയിൽ കാറ്റു കൊണ്ടിരുന്ന് സിഗററ്റ് വലിക്കുന്നു.  അവന്റെ മുഖത്ത് അവിടെ ഒറ്റപ്പെട്ടതിന്റെ വ്യാകുലതകളോ, ജോലിത്തിരക്കിന്റെ വിമ്മിട്ടങ്ങളോ, സമയക്കുറവിന്റെ പരിഭ്രമങ്ങളോയില്ല.

സാവധാനം പുക വലിച്ച്, ഉള്ളിലേക്കിറക്കി, നന്നായി ആസ്വദിച്ച് ഉച്ഛ്വസിച്ച് കൊണ്ടിരിക്കുന്നു, വിശ്രമിക്കുന്നതു പോലെ.

അവിടേക്ക് അവൾ വരുന്നു. മാലാഖയെപ്പോലെ സുന്ദരി. കൈകളുടെ സ്ഥാനത്ത് രണ്ട് ചിറകുകളുമായിട്ട്...

ആരാണവൾ......

എവിടെയാണിത്, ഏതു ലോകത്താണിത്, ഏതു നക്ഷത്രത്തിനു കീഴിലാണ്.... ഏതു ക്ഷീരപഥത്തിലാണ്....

“ഹലോ.....!”

ആരോ വിളിക്കുന്നു.  അവൻ ചെവിയോർത്തു. വിളിച്ചത് ആ മാലാഖ കുട്ടിയല്ല.  അവൾ പുഞ്ചിരിക്കുക മാത്രമാണ് ചെയ്യുന്നത്, പോരാത്തതിന് വളരെ അടുത്താണു താനും.

വിളി അകലെ നിന്നുമാണ്...

ആരോ വിളിക്കുന്നു.

വീണ്ടും വിളിക്കുന്നു.

“ഹലോ.....!”

ഞെട്ടറ്റതുപോലെ, കാന്തികവലയത്തിൽ നിന്നും മോചിപ്പിക്കപ്പെട്ടതുപെലെ, അവൻ ഐടി നഗരത്തിലെ തന്റെ വില്ലയിൽ, തന്റെ മുറിയിൽ, തന്റെ ബെഡ്ഡിൽ.....

കൺ പോളകൾ തുറക്കാനാകാതെ കിടന്നു കൊണ്ടു തന്നെ ചോദിച്ചു.

ആരാണ്, എന്തിനാണ് എന്റെ സ്വകാര്യതയിലേക്ക്, ഏകാന്തതയിലേക്ക് അതിക്രമിച്ചു കടന്നു വന്നത്.......?

“ഹലോ.....!”

വീണ്ടും വിളിക്കുക തന്നെ, കൂടാതെ ദേഹത്ത് കൈ സ്പർശനവും. വെറും സ്പർശനമല്ല, കുലുക്കി യുണർത്തുകയാണ്.

അവൻ ചിന്തിച്ചു, എന്റെ ചോദ്യം കേട്ടില്ലായിരിക്കുമോ... കേട്ടിട്ടും എന്റെ ഭാഷ തിരിഞ്ഞില്ലായിരിക്കുമോ....

അതോ എന്റെ മനസ്സ് മാത്രമാണോ ചോദിച്ചത്, ചുണ്ടുകൾ, ശബ്ദം ചോദിച്ചില്ലായിരിക്കുമോ...

കഴിയുന്നില്ല, അവന് കണ്ണുകളെ തുറക്കാൻ, നാവിനെ ചലിപ്പിക്കാൻ, ചുണ്ടുകളെ വിടർത്തുവാൻ...

കഴിയാത്ത അത്ര ആലസ്യമാണ്ടു പോയിരിക്കുന്നു, ദേഹം.

ആരോ വന്ന് വിളിക്കുന്നതിനു മുമ്പ്, സ്വപ്നമായിട്ടെന്തോ കണ്ടു കൊണ്ടിരിക്കുന്നതിന് മുമ്പ്, എന്താണ് ഉണ്ടായിരുന്നത്...

ഉവ്വ്, ഓർമ്മയിലേക്ക് വരുന്നു,

ശ്രീനാഥും, എബി ജോണും അനുരാഗ് വിശ്വവും അനസ്സുമൊത്ത് മദ്യം കഴിക്കുകയായിരുന്നു. ഭക്ഷണം കഴിക്കുകയായിരുന്നു. യാതൊരു

വിലക്കുകളുമില്ലാതെ പുകവലിക്കുകയായിരുന്നു, ശരത് എന്ന തന്റെ ഡൈനിംഗ് ടേബിളിന് ചുറ്റുമിരുന്ന്.....

മതിവരുവോളം കഴിച്ചു കഴിഞ്ഞ് അവരെല്ലാം യാത്ര പറഞ്ഞ് പിരിഞ്ഞതിന്റെ ഓർമ്മ ഒട്ടും ചോർന്നു പോയിട്ടില്ല.

അവരിൽ ആരോ.... ആരോ അല്ല, അനസ്സും എബിയും കൂടി തന്നെ എടുത്തു കൊണ്ടു വന്ന് ബെഡ്ഡിൽ കിടത്തിയിട്ടാണ് പോയത്. പോയപ്പോൾ നാളത്തെ രാത്രി ഭക്ഷണത്തിന് അനുരാഗ് ഉണ്ടാകില്ലെന്നും പറഞ്ഞിരുന്നു.

മുന്നിലെ ഡോർ ലോക്ക് ചെയ്യുന്നില്ലെന്നും, കുറെ വൈകിയിട്ടായാലും തന്നോടു തല നേരെ നിൽകാറാകുമ്പോൾ ഗെയ്റ്റ് പൂട്ടണമെന്നും ഡോർ അടക്കണമെന്നും പറഞ്ഞിരുന്നു. ആരോ അല്ല, അനസ്സ് തന്നെ. ഫ്ളാറ്റിൽ എത്തിയശേഷം ഫോണിൽ വിളിച്ച് രണ്ടു പ്രാവശ്യം ഓർമ്മിപ്പിക്കുക കൂടി ചെയ്തിരുന്നു.

പക്ഷെ, അടച്ചില്ലായിരിക്കുമോ.......

ഇല്ലായിരിക്കാം.

അടച്ചില്ലെങ്കിലും ഇവിടെ നിന്നും ആർക്കും ഒന്നും കൊണ്ടുപോകാനില്ല. അവൾ പോയപ്പോൾ....

ക്ഷമിക്കണം, അവളെന്നു വിളിക്കാൻ അവളെന്റെ ഭാര്യയല്ല. എന്റെ പെൺ സുഹൃത്താണ്. സെക്സ് പാർട്ടണർ. തുല്യ അധികാരാവകാശങ്ങളോടു കൂടിയാണ് ഞങ്ങൾ ജീവിതത്തെ വ്യവസ്ഥയാക്കിയിരിക്കുന്നത്. ഈ വില്ല വാങ്ങിയതും അങ്ങിനെ തന്നെയാണ്. വില്ലക്ക് മുന്നിൽ മനോഹരമായ പൂന്തോട്ടം വച്ചു പിടിപ്പിച്ചതും, ഫർണിച്ചറുകൾ, ഏസി, വാഷിംഗ് മെഷിൻ, കാർ വാങ്ങിയതും അങ്ങിനെ തന്നെയാണ്. എടി, പോടി, അവൾ എന്ന വിളികൾ ഒരിക്കലും ഉണ്ടാകരുതെന്ന് വാക്കാൽ പറഞ്ഞിരുന്നു. കഴിയുന്നത്ര പേരു വിളിക്കുക. അല്ലെങ്കിൽ ബഹുമാനം, കരുതൽ ചോർന്നു പോകാതെ ഒരു സർവ്വ നാമമാകാം. തിരിച്ചും അങ്ങിനെ തന്നെ ആയിരിക്കും.

നേഹ പോയപ്പോൾ എല്ലാം ലോക്കറിലേക്ക് മാറ്റി വച്ചു. രണ്ടു പേരുടെയും ലാപ്ടോപ്പു പോലും. ഇനിയുള്ള ഒരാഴ്ച ആഘോഷങ്ങൾക്കു വേണ്ടി അനുവദിച്ചു

തന്നിരിക്കുന്നതാണ്. നേഹ കാഞ്ഞിരപ്പള്ളിയിലെ സ്വഗൃഹത്തിലേക്ക് പോകുമ്പോളെല്ലാം അങ്ങിനെ തന്നെയാണ് ചെയ്തു വരുന്നത്.

അതു കൊണ്ടു തന്നെ അടച്ചില്ലെങ്കിലും....

“ഹലോ....!”

ഉണരണം, ഇനിയും ഉണർന്നില്ലെങ്കിൽ, വിളിക്കുന്നത് ഒരു സ്ത്രീയാകുമ്പോൾ...

ബെഡ്റൂമിലെ നിറ വെളിച്ചത്തിലേക്ക് ശരത് കണ്ണുകൾ തുറന്നു.

ആദ്യം മങ്ങിയൊരു നിഴലായിട്ട്, പിന്നെ തെളിഞ്ഞൊരു ചിത്രമായിട്ട്, പിന്നീട് നേഹയുടെ ചുരിദാറിൽ, ഒരു സ്ത്രീയായിട്ട്......

ഒരു വ്യാധി അവന്റെ സിരകളിലൂടെ പടർന്നു കയറി.

ഈ മുഖം...

വളരെ പരിചിതമായ മുഖം.

നേഹക്ക് ഏറ്റവും ഇഷ്ടപ്പെട്ടതെന്നു പറയുന്ന, ഒരു ബെർത്ത് ഡേക്ക് താൻ വാങ്ങിക്കൊടുത്ത വൈലറ്റ് പൂക്കളുള്ള വെളുത്ത ചുരിദാറിൽ,

നേഹയോടൊത്തു വച്ചിരിക്കുന്ന വ്യവസ്ഥകളിൽ ഒന്ന്, ഒരുമിച്ചു ജീവിക്കുമ്പോൾ വിശ്വാസം സൂക്ഷിക്കുമെന്നതാണ്. ശരതിന് മറ്റൊരു പെണ്ണും, നേഹക്ക് മറ്റൊരു പുരുഷനും ഉണ്ടാകില്ലയെന്നത്.

അവന്റെ മുഖത്ത് വല്ലാത്തൊരു ഭീതി നിറഞ്ഞു. നീർക്കോലിയുടെ ഒരു കുതിപ്പിനുള്ളിൽ അകപ്പെട്ട മഞ്ഞത്തവളയുടെ കണ്ണുകളിലെപ്പോലെ.

“നിങ്ങൾ ഭയക്കേണ്ട കാര്യമില്ല. ഈ വീടിന്റെ തുറന്നികിടന്നിരുന്ന എല്ലാ വാതിലുകളും ഞാൻ അടച്ച് കുറ്റിയിട്ടിട്ടുണ്ട്. ഞാൻ വന്ന കാറ് വീടിന്റെ വലതുവശത്തുള്ള മുറ്റത്തു കൂടി ഓടിച്ച് പിറകിൽ മാവിൻ ചുവട്ടിൽ ഇട്ടിരിക്കുകയാണ്. ഗെയ്റ്റ് പൂട്ടി , ഗെയ്റ്റ് ലൈറ്റുകളും അണച്ചിട്ടുണ്ട്. ഇപ്പോൾ പുറത്തു നിന്നു കാണുന്നവർക്ക് ഇവിടെ പാർപ്പില്ലെന്നേ തോന്നുകയുള്ളൂ.”

അവൾ അവന്റെ ഭാഷയിൽ തന്നെയാണ് പറയുന്നത്. പക്ഷെ, അവന്റെ മങ്കാവുടി ശൈലിയിലല്ല. ഭാഷ മലയാളമാണെങ്കിലും, അവൾ പറയുന്നതെല്ലാം ഗ്രഹിക്കാനാകുന്നുണ്ടെങ്കിലും ഭീതി അവനെ ഒന്നിലും ശ്രദ്ധ കേന്ദ്രീകരിക്കാൻ അനുവദിക്കുന്നില്ല.

"നിങ്ങൾ എഴുന്നേൽക്കൂ..... എനിക്ക് നിങ്ങളോട് സംസാരിക്കാനുണ്ട്. ഞാനൊരു പ്രതിസന്ധിയിൽപ്പെട്ട് വന്നിരിക്കുകയാണ്, അവിടെ നിന്നും രക്ഷപെട്ട് നിങ്ങളുടെ അടുത്ത് എത്തിപ്പെട്ടതാണ്."

അവൻ പറഞ്ഞു.

"നിങ്ങൾ പത്തു മിനിട്ട് പുറത്ത് നില്ക്കൂ."

അവൾ മുറിക്ക് പുറത്ത് പോയപ്പോൾ, അവൻ അർദ്ധ നഗ്നനായി മുറിയിൽ എഴുന്നേറ്റു നിന്നു, മൂരി നിവർന്നു, തലയെ ഇരു വശത്തേക്കും തിരിച്ച് ഉണർവ്വിലേക്ക് വരാനുള്ള ശ്രമം തുടങ്ങി.

മുഖം കഴുകി, വസ്ത്രം മാറി അവൻ സിറ്റിംഗ് റൂമിലെത്തിയപ്പോൾ അവൾ സമാധാനം കൊണ്ടു. കാഴ്ചയിൽ അവനൊരു മാന്യനായതുകൊണ്ട്.

അവന്റെ മുഖത്തെ ഭീതി മാറിയ ഇടത്ത് അമ്പരപ്പ് പടർന്നു.

അവൾ ഉപചാരം പോലെ എഴുന്നേറ്റു, എന്നിട്ട് വളരെ മാന്യമായിട്ട് അടുത്തടുത്ത സെറ്റികളിൽ ഇരുന്നു.

"നിങ്ങൾ...?"

"അപർണ്ണ."

"എന്റെ ഊഹം തെറ്റിയില്ല, അപർണ്ണ സുദേവ്....?"

"അതെ...."

പെട്ടന്നവൻ മുൻ വാതിൽ തുറന്ന് പുറത്തിറങ്ങി, അന്തരീക്ഷത്തെയും കാലാവസ്ഥയേയും നിരീക്ഷിച്ചു. ഒരു ഇല ചലനം പോലുമില്ലാതെ എല്ലാം നിശ്ചലം. അപർണ്ണ പറഞ്ഞതു പോലെ, അവൾ വന്ന കാർ വീടിന് പിറകിൽ പെട്ടന്ന് ആരുടേയും ശ്രദ്ധയിൽ പെടാതെ പതുങ്ങി നിൽപുണ്ട്.

ഇപ്പോൾ അവന് സമാധാനം തോന്നിത്തുടങ്ങി.

പുറത്തേക്കുള്ള വാതിലടച്ച്, സിറ്റിംഗ് റൂമിലെ വിളക്കണച്ച്, അപർണ്ണയെ ബഡ്‌റൂമിലേക്ക് തന്നെ ആനയിച്ചു, അവരുടെ ശബ്ദങ്ങളും അവിടത്തെ വെളിച്ചവും അയൽ പക്കങ്ങളിൽ എത്തുന്നത് അപകടമാണെന്നവൻ കണക്കുകൂട്ടി.

അപർണ്ണ സുദേവിന്റെ കേട്ടു പഴകിയ ശബ്ദം മുറിയിൽ നിറയുന്നത് അവനറിഞ്ഞു. നേഹയുടെ ഇഷ്ടപ്പെട്ട പെർഫ്യൂമിന്റെ ഗന്ധവും.

"ഈ സ്ട്രീറ്റിലെ ഏറ്റവും മോടിയായ വീട്ടിലാണ് ഞാൻ താമസ്സിക്കുന്നത്, എന്റെ ഭർത്താവുമൊത്ത്... നിങ്ങൾക്ക് ഓർമ്മയുണ്ടാകും ഞങ്ങളുടെ വിവാഹം."

ഓർക്കുന്നു. ഷീലയ്ക്കു ശേഷം മലയാള സിനിമയയിൽ വന്ന മലയാളിത്തമുള്ള നടിയാണ് അപർണ്ണ. കഴിഞ്ഞ തലമുറയിലെ ഏതൊരു മലയാളി പുരുഷനും കണക്കു കൂട്ടുന്ന മലയാളി പെണ്ണിന്റെ തനിമയുള്ള നടി. അംഗ വടിവ്, മുഖശ്രീ, കണ്ണുകൾ... എനിക്ക് ഇഷ്ടമാണ്... നിങ്ങളുടെ അതേ അംഗ വടിവാണ് എന്റെ നേഹക്കും. അതു കൊണ്ടല്ലേ നേഹയുടെ ചുരിദാർ അപർണ്ണക്ക് നല്ലതുപോലെ ചേരുന്നത്.

"ചുരിദാർ മാത്രമല്ല, ഇന്നർ വെയറുകളും."

ശരത് ചുണ്ടുകൾ കുറച്ചേറെ അകത്തി, അവളുടെ മുഖത്തു നോക്കിയിരുന്നു.

"ക്ഷമിക്കണം, വേറെ നിർവ്വാഹമില്ലായിരുന്നു. ഏതായാലും നിങ്ങളുടെ ഭാര്യ ഇവിടെയില്ലാതിരുന്നത് നന്നായി. ഉണ്ടായിരുന്നെങ്കിൽ ഒരു പക്ഷെ, ഇത്ര സ്വസ്ഥതകിട്ടുമായിരുന്നില്ല."

"നേഹ എന്റെ ഭാര്യ അല്ല... എന്റെ പെണ്ണാണ്... മൈ സെക്സ് പാർട്ടണർ. ഞങ്ങൾ മൂന്നു വർഷമായി ഒരുമിച്ചു ജീവിക്കുന്നു. ഒരേ അമേരിക്കൻ കമ്പനിയിൽ, അടുത്തടുത്ത കസേരകളിൽ, ഒരേ പോലെയുള്ള ജോലി ചെയ്യുന്നു, ഒരേ സ്കെയിലിൽ ശമ്പളം വാങ്ങുന്നു, തുല്യ പാർട്ടണർ ഷിപ്പിൽ ഈ വില്ല വാങ്ങി, തുല്യ അധികാര അവകാശങ്ങളോടെ ജീവിക്കുന്നു."

അപർണ്ണക്ക് വല്ലാതെ ജാള്യത തോന്നി.

“ഞാൻ കേട്ടിട്ടുണ്ട് ഇങ്ങിനെയുള്ള ബന്ധങ്ങളെ കുറിച്ച്….”

“ഒരു പക്ഷെ, നിങ്ങൾ കേട്ടതിലും വ്യത്യസ്ഥമാണ് ഞങ്ങളുടെ ബന്ധം. പി ബി ശരത് എന്ന മങ്കാവുടിക്കാരന്റേയും നേഹ ജോസഫ് എന്ന കാഞ്ഞിരപ്പിള്ളിക്കാരിയുടേയും. അവൾ എന്നെപ്പോലെയല്ല, എരിവും പുളിയുമൊക്കെ കൂടുതൽ വേണം, ഏതു കറിക്കും. ആ പിടിവാശി കൊണ്ടായിരിക്കും വിവാഹം നടക്കാൻ വൈകി…. പിന്നെ നസ്രാണികൾക്കാണെങ്കിൽ ബാംഗ്ലൂർ ഐടിയിൽ ജോലി ചെയ്യുന്ന പെണ്ണുങ്ങളോട് ഇപ്പോൾ ഇത്തിരി പഥ്യ കുറവും. ഞാനാണെങ്കിൽ നാലു നോക്കി പക്കം നോക്കി നടക്കുന്ന വീട്ടുകാരുടെ അനാസ്ഥയിൽ മടുത്തും പോയി. എന്നിരിക്കിലും, ഞങ്ങൾ ഒരാജീവനാന്ത വ്യവസ്ഥയിൽ ജീവിക്കുന്നവരല്ല. അഞ്ചു വർഷത്തേക്കു മാത്രം. വേണമെങ്കിൽ പിരിയാം പിരിയാതെയിരിക്കാം….. മുപ്പതു കഴിഞ്ഞിട്ടും സെക്സ് ജീവിതം കിട്ടിയില്ലെങ്കിൽ പിന്നെ എന്തിനാണീ ജീവിതം… സോറി… അപർണ്ണ പറയാൻ വന്നിട്ട് എന്റെ കഥയുമായിട്ട്… ബോറായോ….?”

“ഇല്ല.. ശരത്… എനിക്ക് നിങ്ങളോട് വല്ലാത്തൊരു അടുപ്പം തോന്നുന്നു.. പക്ഷെ, ആ അടുപ്പം ഇപ്പോൾ മാത്രം തുടങ്ങിയതാണ്. എനിക്ക് നിങ്ങളെയോ, നേഹയേയോ, ഈ വീടോ നേരത്തെ അറില്ലായിരുന്നു. വേട്ടയാടപ്പെട്ട്, ആക്രമിക്കപ്പെട്ടിടത്തു നിന്നും ഓടിയകന്നപ്പോൾ കിട്ടിയൊരു താവളം…. മറ്റൊന്നുമില്ലാതെ കാറിന്റെ താക്കോലുമെടുത്ത് താമസ്സിച്ചിരുന്നിടത്തു നിന്നും പുറത്തേക്കോടി, കാറിൽ കയറി ഓടിച്ചു പോരുകയായിരുന്നു. അവർ പിറകെ ഉണ്ടായിരുന്നു, ഭർത്താവും എന്റെ കാവൽക്കാരും… ഈ വീടിന് മുമ്പുള്ള വളവ് തിരിഞ്ഞപ്പോൾ പെട്ടന്ന് തുറന്നു കിടന്നിരുന്ന ഗെയിറ്റ് വഴി ഓടിച്ചു കയറ്റുകയായിരുന്നു. നേരേ വീടിന് പിന്നിലേക്ക്…. ഗെയിറ്റ് തുറന്നു കിടന്നിരുന്നെങ്കിലും, വീടിന്റെ മുൻ വാതിൽ ലോക്ക് ചെയ്തിട്ടിരുന്നില്ലെങ്കിലും അപ്പോൾ ഇരുട്ടിൽ ഒരു ഭാർഗവീനിലയം പോലിരുന്നു, എനിക്ക് പിന്നിൽ വന്നിരുന്ന കാറുകൾ അകലേക്ക് ഓടിപ്പോകുന്നത് ഞാനറിഞ്ഞിരുന്നു. എന്നിട്ടും ഒരു മണിക്കൂറോളം ഞാൻ കാറിൽ തന്നെ ഇരുന്നു, ആരും ഇല്ലാത്ത വീടെന്നു തന്നെയാണ് കരുതിയിരുന്നത്, ഡോർ തുറന്ന് അകത്തു കയറി ഈ മുറിയിലെത്തി ശരത്തിനെ കാണും വരെ….”

“കേരളക്കരയാകെ കൊട്ടി ഘോഷിച്ച, സകലമാന മാധ്യമങ്ങളും തിമർത്ത് ഉത്സവമാക്കിയ വിവാഹഹമായിരുന്നു നിങ്ങളുടേത്...”

“അതെ....”

“കോടീശ്വരപുത്രൻ, സംസ്ഥാനതല സമുദായ നേതാവിന്റെ പിന്മുറക്കാരൻ... അപർണ്ണയുടെ അന്നത്തെ അഭിമുഖങ്ങളിൽ ഒരു അഹങ്കാരത്തിന്റെ ധ്വനിയുണ്ടായിരുന്നു.... ഭാവിയിൽ കേരള പ്രവിശ്യയുടെ പട്ടമഹിഷി വരെ ആയേക്കാമെന്ന് പത്രങ്ങൾ എഴുതി....”

“ശരിയാണ് അഹങ്കരിച്ചിരുന്നു.”

എന്തോ ഓർത്തെടുത്തതുപോലെ, ഓർക്കാൻ വൈകിയതു കൊണ്ട് ധൃതിയിൽ ശരത് ചോദിച്ചു.

“അപർണ്ണ ഭക്ഷണം കഴിച്ചോ.....?”

“ഉവ്വ്....!”

“ഇല്ലെങ്കിൽ, ഞാൻ ഉണ്ടാക്കിത്തരാം. എന്റേയും നേഹയുടേയും കൂട്ടു ജീവിതം തുടങ്ങും മുമ്പ്, ഒറ്റയാൾ ജീവിതമായിരുന്നു, അഞ്ചു വർഷം, അതു കൊണ്ട് പാചകമൊക്കെ നന്നായിട്ടറിയും... കൂട്ടു ജീവിതം തുടങ്ങിയിട്ടും സഹകരണാടിസ്ഥാനത്തിൽ എല്ലാ ജോലികളും ചെയ്തു വരുന്നുമുണ്ട്.”

“കഴിച്ചതാണ്....ശരത്തിന്റെ ഡൈനിംഗ് ടേബിളിൽ നിന്നു തന്നെ, അത്രക്ക് എച്ചിലാകാതെ കുറച്ച് അരിപ്പത്തിരിയും കറിയും ഉണ്ടായിരുന്നു.... പാതി കുപ്പി ബിയറും.... പാതി ബിയറിലേക്ക്, ഒഴിച്ചിട്ടും ഒഴിയാതെയിരുന്ന ഒരു പെഗ്ഗ് മദ്യം ചേർത്ത് കഴിച്ചശേഷമാണ് കുളിക്കുകയും ഡ്രെസ്സ് മാറുകയും ചെയ്തത്.”

ശരത് ജീവിതത്തെ കുറിച്ച് ചിന്തിച്ചു പോയി. അതിന്റെ നിരർത്ഥകത, അനിശ്ചിതത്വം, വൈതരണികൾ. കാണാക്കയങ്ങൾ....

“ജീവിതത്തിലെപ്പോഴെങ്കിലും ഇങ്ങിനെ ഒരവസ്ഥയുണ്ടാകുമെന്ന് അപർണ്ണ ചിന്തിച്ചിട്ടുണ്ടോ....?”

“ഇല്ല, ഒരിക്കലും.. വടക്കൻ കേരളത്തിലെ ശാന്തമായ ഒരു ഗ്രാമത്തിൽ, വളരെ കുറച്ച് മനുഷ്യർക്കു വേണ്ടി തുണിക്കട നടത്തുന്ന ആളായിരുന്നു അച്ഛൻ...

എനിക്കും അനുജനും അച്ഛനും അമ്മക്കും ജീവിക്കാനുള്ളത് അവിടെ നിന്നും കിട്ടിയിരുന്നു. അല്ലലും അലട്ടലുമില്ലാതെ ശാന്തമായൊരു നദി... ഞങ്ങളുടെ ഗ്രാമത്തിലൂടെ ഒഴുകുന്ന തെളിനീരു നിറഞ്ഞ നദി.... അതിന്റെ കുളിർമയിൽ, നേർത്ത സംഗീതത്തിൽ ഞങ്ങൾ എല്ലാ ഗ്രാമക്കാരെയും പോലെ സന്തുഷ്ടരായിരുന്നു."

ശരത് ഒരു സ്വപ്ന ജീവിയെപ്പോലെ ഓരോ മനക്കാഴ്ചകൾ കണ്ടു നടക്കുകയാണെന്ന് അപർണ്ണക്ക് തോന്നി. അവൾ പറയുന്നതിൽ പകുതി പോലും, അതിന്റെ യഥാർത്ഥ അർത്ഥത്തിൽ അവൻ ഗ്രഹിക്കുന്നുണ്ടോയെന്ന സംശയവും തോന്നി.

"ശരത്....!"

"യേസ്സ്....!"

"ഞാൻ ഇനിയും ദുർഘട സന്ധിയെ തരണം ചെയ്തിട്ടില്ല. ഞാൻ മാത്രമല്ല, ഞാൻ കാരണം ശരതും. നമ്മൾ ഒരു കുടുക്കിലാണിപ്പോൾ... അതഴിയണമെങ്കിൽ ഞാനിവിടെ നിന്നും രക്ഷപെടണം... ഈ രാത്രി തന്നെ."

"നേരം വെളുത്താൽ, പുറം ലോകമറിഞ്ഞാൽ മാധ്യമ പടയുടെ തിക്കിത്തിരക്കി കയറ്റമാകും ആദ്യം, അയലത്തുകാരുടെ ചോദ്യ ശരങ്ങളും സ്നേഹിതരുടെകുറ്റപ്പെടുത്തലുകളും...തനിച്ചനുഭവിച്ചുവെന്ന പരാതികളും..."

ശരത്തിന് ഒരു ഞെട്ടൽ അനുഭവപ്പെട്ടു.

അങ്ങിനെ ചിന്തിക്കാനേ പാടില്ല.

"നേഹ..."

സത്യപ്രതിജ്ഞകളും സാംക്രമിക രോഗങ്ങളെ കണ്ടെത്താനുള്ള ടെസ്റ്റുകളും വളരെ നാളത്തെ നിരീക്ഷണങ്ങളും കഴിഞ്ഞാണ് നേഹയുമായിട്ടുള്ള ഉടമ്പടിയിലെത്തിയത്. പക്ഷെ, ഇന്ന്, ആ ഉടമ്പടിക്കും അതീതമായിട്ട്, ധാരണകൾക്കും നീക്കു പോക്കുകൾക്കും അതീതമായിട്ട്.... ഹൃദയത്തിൽ നിറഞ്ഞുനിൽക്കുന്ന ഒരു സത്യമായി തീർന്നിരിക്കുന്നു. അവൾക്കും അങ്ങിനെ തന്നെയാണ്, അതിൽ അശ്ശേഷം സംശയവുമില്ല. അടുത്തിടപഴകുമ്പോൾ ആ കണ്ണുകളിൽ തെളിയുന്നത്, ഓരോ വാക്കുകളിലും ധ്വനിക്കുന്നത്, ഓരോ

സ്പർശനത്തിലും അറിയുന്നത്, അകറ്റാൻ കഴിയാത്ത, അടർത്തിയെടുക്കാൻ കഴിയാത്ത ഒരു ബന്ധം ആയിരിക്കുന്നെന്നാണ്. ഇനി ആര് ആദ്യം പ്രണയം അറിയിക്കുമെന്ന് കരുതിയിരിക്കുകയാണ് രണ്ടാളും. ഈ കാത്തിരിപ്പിനും ഒരു സുഖമുണ്ട്, സംഗീതമുണ്ട്, താളമുണ്ട്, ലയമുണ്ട്....

"വേണ്ടതാണ് അപർണ്ണ.... അതിന് ഇനി ഒട്ടും വൈകാൻ പാടില്ല... പുലരും മുമ്പ് അപർണ്ണ സുരക്ഷിതയായി എത്തേണ്ടിടത്ത് എത്തിയിരിക്കണം."

ശരത് സ്വന്തം മൊബൈലും നേഹയുടെ ബെഡ് റൂമും അപർണ്ണക്ക് സ്വതന്ത്രമായി കരുക്കൾ നീക്കാൻ വിട്ടുകൊടുത്തു കൊണ്ട് തന്റെ മുറിയിൽ ഇതേ വരെ സംഭവിച്ചതുകളെ ഓർത്തു കൊണ്ടിരുന്നപ്പോൾ ഒരു പെഗ്ഗ് കഴിക്കണമെന്നും ഒരു സിഗററ്റ് വലിക്കണമെന്നും അതിയായി ആഗ്രഹിച്ചു. ആഗ്രഹം വിഫലമായിപ്പോയി. എല്ലാം തീർക്കുന്നതു പോലെയായിരുന്നു അവരുടെ ആഘോഷം.

മനസ്സിന്റെ, വായുടെ നിസ്സംഗാവസ്ഥ മാറ്റാൻ എന്തു കിട്ടുമെന്ന് അടുക്കളയിൽ പരതി. ഒരു കാരറ്റ് കഴുകി വൃത്തിയാക്കാതെതന്നെ തിന്നു. രണ്ട് ചെറിയ പച്ച മുളകുകൾ ചവച്ചിറക്കി.

രണ്ടു പേർക്കു വേണ്ടി തേയിലയും പഞ്ചസാരയും അധികം ചേർത്ത് കട്ടൻ ചായ തിളപ്പിച്ചു.

ചൂടു ചായ കുടിച്ചപ്പോൾ അപർണ്ണക്ക് ആശ്വാസം തോന്നി.

അവൾ പറഞ്ഞു.

"മൂന്നു മണിക്കൂറിനുള്ളിൽ അവരെത്തും, വെളുപ്പിനെ നാലു മണിക്ക് മുമ്പ്....പണത്തിനോടുള്ള ആർത്തിയാണെല്ലാറ്റിനും കാരണം."

ശരത് തിരുത്തി.

"ആർത്തിയല്ല, അമിതമായ ആസക്തിയാണ്. ഭക്ഷണത്തോട്, ലൈംഗീകതയോട്, അതു രണ്ടും സ്വന്തം കാൽക്കീഴിൽ നില നിർത്താനുള്ള അധികാരത്തോട്... ആ അമിതമായ ആസക്തിയാണ് എല്ലാറ്റിലും കാരണം, എല്ലാ പുരോഗതിയും, എല്ലാ സംസ്കാരവും അങ്ങിനെയുണ്ടാതാണ്. ശിലയെ ആയുധമാക്കി നിവർന്ന് നിന്ന മനുഷ്യൻ സൂപ്പർ കമ്പ്യൂട്ടറിൽ എത്തിയതും

അങ്ങിനെ തന്നെ ആണ്. പ്രകൃതി തീർത്ത ഗുഹയിൽ നിന്നും പുറത്തിറങ്ങി കുടിലുകൾ വച്ചു കെട്ടിയതും, കുടിലിരുന്നിടത്ത് വീട് തീർത്തതും, വീടുകൾ കൊട്ടാരങ്ങളാക്കിയതും..... പെറുക്കിത്തീനികൾ നട്ടു വളർത്താൻ തുടങ്ങിയതും പച്ചമാംസം വേവിക്കാൻ തുടങ്ങിയതും....വേവിക്കുന്നതിന്റെ കൂടെ പച്ചിലകൾ, മസാലകൾ ചേർത്തതും."

ചായയിൽ അമിതമായി ചേർത്തിരിക്കുന്ന മധുരം അവനിലെ മദ്യത്തെ വീര്യം കൂട്ടുകയാണെന്ന് അപർണ്ണ സംശയിച്ചു.

"അച്ഛന്റെ സ്നേഹിതൻ വഴിയാണ് സിനിമയിൽ വന്നത്, ബാലനടിയായിട്ട്. ആദ്യമൊന്നും പണം ഒരു പ്രശ്നമായിരുന്നില്ല. പേരും പ്രശസ്തിയുമാണ് നോക്കിയത്... പിന്നെ പണം വന്നു തുടങ്ങിയപ്പോൾ വിട്ടുകളയാൻ തോന്നിയില്ല.... വാരിക്കൂട്ടി... അമിതമായ ധനം, സുഖസൗകര്യങ്ങൾ, സ്ഥാനമാനങ്ങൾ, അംഗികാരങ്ങൾ, പാരിതോഷിതങ്ങൾ, കീർത്തി മുദ്രകൾ.... ജീവിതം മറന്നു പോയിരുന്നു. ദേഹത്തിന്, മനസ്സിന്, പ്രവർത്തന മണ്ഡലത്തിന് മങ്ങലു കണ്ടു തുടങ്ങിയപ്പോളളാണ് ജീവിച്ചില്ലല്ലോയെന്ന തോന്നലുണ്ടായത്. മുപ്പതു വയസ്സു കഴിഞ്ഞ് വിവാഹ ജീവിതത്തിൽ വന്നപ്പോൾ......... പക്ഷെ, അയാൾക്ക് മനസ്സും ശരീരവും വേണ്ടിയിരുന്നില്ല. ആ രണ്ടും തേഞ്ഞു തീർന്നതാണെന്നായിരുന്നു അയാളുടെ പക്ഷം, ശരിയല്ലേ... പൊതു ജനത്തിനും ഒരു നടിയെപ്പറ്റി അങ്ങിനെയല്ലെ ചിന്തിക്കാൻ കഴിയുകയുള്ളൂ....അയാൾക്ക് പണം മാത്രം മതി... എന്തും കൊടുക്കാമായിരുന്നു. കൊടുത്തിട്ടുണ്ട്. പക്ഷെ, മുപ്പതു വയസ്സു വരെ കാത്തു സൂക്ഷിച്ച അച്ഛനെയും അമ്മയേയും തെരുവിലേക്കിറക്കി വിടണമെന്നു പറഞ്ഞാൽ...."

വീടിന് മുന്നിൽ വാഹനത്തിൽ നിന്നുള്ള വെളിച്ചം., അവർ മുറിക്കുള്ളിലെ വിളക്കണച്ചു. അടുത്ത ശബ്ദങ്ങൾക്കായി കാത്തിരുന്നു.

ശുഭ സൂചകമായി ശരത്തിന്റെ മൊബൈൽ റിംഗ് ചെയ്തു. അവർ അപർണ്ണയെ കൊണ്ടുപോകാനെത്തിയിരിക്കുന്നു. ബഹളങ്ങളും ശബ്ദങ്ങളും കുറച്ച്, അയലത്തുകാരെ അറിയിക്കാതെ, അവരെ ശരത് സ്വാഗതം ചെയ്തു.

അപർണ്ണ  അമ്മയുടെ മാറിൽ ചേർന്നു നിന്നു.  അവൾ പൊട്ടി കരഞ്ഞു. സെലുലോയിഡിലല്ല, ജീവിതത്തിൽ ഒരു നായിക കരയുന്നത് കാണാൻ യോഗമുണ്ടായി എന്നു ശരത് ചിന്തിച്ചു.

"ശരത് ഞാൻ നേഹയുടെ വസ്ത്രങ്ങളുമായിട്ടാണ് പോകുന്നത്. പക്ഷെ, അതൊരിക്കലും നിങ്ങളെ ബാധിക്കില്ല. ഞാൻ തന്നെ നേഹയോട് സംസാരിക്കാം."

അപർണ്ണ, അമ്മയുടെ ഫോണിൽ നിന്നും നേഹയെ വിളിച്ചു. പുലർച്ചെയുള്ള ഗാഢനിദ്രയിലായിരുന്നതു കൊണ്ടാവാം നേഹ ഫോണെടുക്കാൻ വൈകി.

"ഹലോ.... നേഹ ഞാൻ അപർണ്ണ സുദേവാണ്.... അതെ..... അതെ..... ഷുവർ..... ഞാൻ വിളിക്കുന്നത് നേഹയുടെ ബാംഗ്ലൂരുള്ള വില്ലയിൽ നിന്നാണ്... ശരത്തിന്റെ അടുത്തു നിന്നു തന്നെ."

@@@@@@@@